(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് ഇതുവരെ എത്രപേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിൽ പ്രൈമറി അദ്ധ്യാപകരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രൈമറി സ്കൂളുകളിൽ ഒഴിവുള്ള മുഴുവൻ തസ്തികയിലും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-1-2003-ൽ.

(ബി) 179 പേർക്ക്.

(സി) 128.

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

(ഇ) നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ അത്തോളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി

115 (3674) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്ത് തീരുമാനം എടുത്തു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബേപ്പൂർ മണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി

116 (3675) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര വിദ്യാലയങ്ങളിലാണ് കോഴ്സ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗവൺമെന്റ് ഗണപത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ചെറുവണ്ണൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുമോ ;

(ഡി) ഫറോക്ക്, നല്ലളം-ചെറുവണ്ണൂർ പഞ്ചായത്തുകളിലെ കുട്ടികൾക്ക് പ്ലസ് ടു പഠനത്തിന് രാമനാട്ടുകര, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലെ സ്കൂളുകളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം കണക്കിലെടുത്ത് ഈ അപേക്ഷകൾക്ക് മുൻഗണന നൽകാനാകുമോ ?

ഉത്തരം

(എ-ഡി) ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത ഏതാനും പഞ്ചായത്തുകളിൽ നിലവിലുള്ള ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. എണ്ണം നിശ്ചയിച്ചിട്ടില്ല.

ഗണപത് വി.എച്ച്.എസ്.എസ്.-ന്റെ കെട്ടിടവും സ്ഥലവും ഏറ്റെടുക്കുന്നതിന് നടപടി

117 (3676) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക് ഗവൺമെന്റ് ഗണപത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പഴയ കെട്ടിടവും സ്ഥലവും (എ.ഇ. ഓഫീസ് സ്ഥിതി ചെയ്യുന്ന) സർക്കാർ ഏറ്റെടുക്കണമെന്ന് മലബാർ എഡ്യൂക്കേഷണൽ സൊസൈറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കെട്ടിടവും സ്ഥലവും ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യത്തിൽ പരാതി ലഭിച്ചാൽ പരിശോധിച്ചു നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

118 (3677) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004 അധ്യായന വർഷത്തിൽ പാലക്കാട് ജില്ലയിൽ എൽ.പി./ യു.പി., ഹൈസ്കൂൾ എന്നിങ്ങനെയായി എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു. ആയതിൽ അൺ എയ്ഡഡ്, എയ്ഡഡ്, സർക്കാർ എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly